ശ്രീലങ്കയിലെ വടക്കൻ പ്രവിശ്യാ തെരഞ്ഞെടുപ്പ്

സെപ്തംബർ 24, 2013

വടക്കൻ പ്രവിശ്യ ഉൾപ്പെടെ മൂന്നു പ്രോവിൻഷ്യല് കൌൺസിലുകളിലേക്ക് സെപ്തംബർ ഇരുപത്തി ഒന്നിന് (സെപ്തംബർ 21, 2013.) നടന്ന തെരഞ്ഞെടുപ്പുകൾ വിജയകരമായി പരിസമാപിച്ചതിനെ ഇന്ത്യാ ഗവൺമെന്റ് സ്വാഗതം ചെയ്തു . പ്രോവിൻഷ്യല് കൌൺസില് ഉൾപ്പെടെ വിവിധ തലങ്ങളിൽ പ്രതിനിധി സംഘടനകൾക്കായുള്ള തെരഞ്ഞെടുപ്പുകൾക്കും ജനാധിപത്യ മൂല്യങ്ങൾക്കും വേണ്ടി ശ്രീലങ്കയിലെ ജനങ്ങളുടെ തുടരുന്ന പ്രതിബദ്ധതയുടെ പ്രകടനമാണ് വിവിധ രാഷ്ട്രീയ പാർട്ടികളുടെ ആവേശപൂർവമായ പങ്കാളിത്തവും വോട്ടിംഗിലെ ഉയർന്ന ശതമാനവും .
കോമൺവെൽത്ത് , ദക്ഷിണ ഏഷ്യൻ തെരഞ്ഞെടുപ്പ് നിർവഹണ സംഘങ്ങളുടെ ഫോറങ്ങൾ (Forum of South Asian Election Management Bodies ) എന്നീ തെരഞ്ഞെടുപ്പ് നിരീക്ഷകരുടെ അവലോകനം ഞങ്ങൾ ശ്രദ്ധിക്കുകയുണ്ടായി . ജനങ്ങളുടെ അഭിലാഷങ്ങളുടെ പ്രതിഫലനമാണ് ഈ തെരഞ്ഞെടുപ്പുകളിൽ ഉള്ളതെന്ന് അംഗീകരിക്കുന്നു.

2. വടക്കൻ പ്രവിശ്യ കൌൺസില് തെരഞ്ഞെടുപ്പ് നടത്തിയതിലൂടെ അന്താരാഷ്ട്ര സമൂഹത്തോടുള്ള പ്രതിബദ്ധത ശ്രീലങ്കൻ ഗവൺമെന്റ് പാലിച്ചു. പതിമ്മൂന്നാമത്തെ ഭേദഗതി പൂർണമായും നടപ്പിലാക്കുന്നതും അത് കഴിഞ്ഞുമുള്ള കാര്യങ്ങൾ ഉൾപ്പെടെ അന്താരാഷ്ട്ര സമൂഹത്തോട് ശ്രീലങ്കൻ ഗവൺമെന്റ് ഏറ്റെടുത്തിരിക്കുന്ന ചുമതലകള്

നടപ്പാക്കുന്നതിനെ ഞങ്ങൾ കാത്തിരിക്കുന്നു.

3. ശ്രീലങ്കയിലെ ഗവൺമെന്റും തമിഴ് ദേശീയ സഖ്യവും (ടി.എൻ.എ) നടത്തിയ സകാരാത്മക പ്രസ്താവനകൾ ഞങ്ങള് ശ്രദ്ധിച്ചിരുന്നു. വടക്കൻ പ്രവിശ്യയുടെ പുരോഗതിയ്ക്കായി ഇരു വിഭാഗവും ഒരുമിച്ച് പ്രവർത്തിക്കുവാന് സന്നദ്ധത പ്രകടിപ്പിച്ചത് തൃപ്തികരമായ ഒന്നാണ് . പ്രവൃത്തിപരമായ , പങ്കാളിത്തവും പരസ്പര സഹകരണവും കൂടിച്ചേർന്ന ഒരു മനോഭാവത്തിൽ പ്രവർത്തിക്കുവാന് ഞങ്ങള് ഇരു വിഭാഗങ്ങളോടും ആവശ്യപ്പെടുന്നു. അങ്ങിനെ ചെയ്യുന്നതിലൂടെ വടക്കൻ പ്രവിശ്യയിലെ ജനങ്ങളുടെ അടിയന്തിര ആവശ്യങ്ങൾ അതും മുപ്പതു വർഷം നീണ്ട സായുധ സംഘർഷങ്ങള് നല്കിയ യാതനകളിലൂടെ ഉയർന്നുവന്നവ അടിയന്തിരമായും പ്രയോജനകരമായും ചെയ്യുവാൻ സാധിയ്ക്കും . സമൂഹങ്ങൾക്കിടയ്ക്ക് യഥാർത്ഥമായ ഒത്തുതീർപ്പ് ഉണ്ടാക്കുവാനായി ഇത്തരം സഹകരണ സമീപനം സഹായിക്കും

4. ഈ പ്രക്രിയയിൽ ,ഇരു വിഭാഗത്തിനുമൊപ്പം പ്രവർത്തിക്കുവാന് ഇന്ത്യാ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ് . അതിലൂടെ ശ്രീലങ്കയിലെ ന്യൂനപക്ഷം ഉൾപ്പെടെയുള്ള എല്ലാ സമൂഹങ്ങൾക്കും സംഘടിതമായ ഒരു ശ്രീലങ്കയില് തങ്ങളും തുല്യ ഓഹരി ഉടമകളായെന്ന ചിന്ത ഉണ്ടാകുവാനും സമത്വം , നീതി , ആത്മാഭിമാനം എന്നിവയാൽ ശ്രദ്ധേയമായ ഒരു ഭാവിയിലേക്ക് നോക്കുവാനും സാധിക്കും .

ന്യൂ ഡെൽഹി
സെപ്തംബർ 24, 2013